**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ പെരുവണ്ണാമൂഴി ഡാം കേന്ദ്രീകരിച്ച് എന്തൊക്കെ ടൂറിസം പദ്ധതികളാണ് നിലവിൽ നടന്നു വരുന്നത്;വ്യക്തമാക്കുമോ; | (എ) | **കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ പെരുവണ്ണാമൂഴി ഡാം കേന്ദ്രീകരിച്ച് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി മുഖേന നടപ്പിലാക്കുന്ന ഡാം ടൂറിസം പദ്ധതി, ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്കുമായി ഒരുമിച്ച് നടപ്പിലാക്കുന്ന ബോട്ടിങ്ങ് എന്നിവയാണ് നടന്നു വരുന്നത്** |
| (ബി) | ടൂറിസവുമായി ബന്ധപ്പെട്ട ഏതൊക്കെ പദ്ധതികളാണ് ഈ മേഖലയ്ക്ക് അനുയോജ്യമാവുക എന്ന് വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ടൂറിസവുമായി ബന്ധപ്പെട്ട് അനുയോജ്യമായ പദ്ധതികൾ വിലയിരുത്തുന്നതിനായി പദ്ധതികൾ വിഭാവനം ചെയ്തു വരുന്നു. |
| (സി) | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ആയിരത്തിഅമ്പത്തിരണ്ട് ഹെക്ടർ ഏരിയയിൽ വ്യാപിച്ചുകിടക്കുന്ന റിസർവോയറിൽ വിവിധ വിസ്തീർണ്ണത്തിൽ പതിമൂന്നോളം ചെറിയ ദ്വീപുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി പ്രസ്തുത ദ്വീപുകളെ ബന്ധിപ്പിച്ച് ഒരു ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ഡി) | ഡാമിന്റെ സംഭരണ ശേഷിക്കനുസരിച്ച് (പരമാവധി അളവ്) ജലം സംഭരിച്ചശേഷം ബാക്കി വരുന്ന സ്ഥലങ്ങളിൽ ഈ ദ്വീപുകളെ ബന്ധിപ്പിച്ച് ഒരു ടൂറിസം പ്രോജക്ട് നടപ്പാക്കാനാവശ്യമായ സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി പ്രസ്തുത ദ്വീപുകളെ ബന്ധിപ്പിച്ച് ഒരു ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ഇ) | ഓരോ ദ്വീപിലും പക്ഷി സങ്കേതം, കൺവെൻഷൻ സെന്റേർസ്, കോട്ടേജുകൾ, വാച്ച്ടവർ, നടപ്പാതകൾ, റിക്രിയേഷൻ ഫെസിലിറ്റീസ് എന്നിവ ഉൾപ്പെടുത്തി ഒരു ഇന്റർനാഷണൽ ടൂറിസം സെന്റർ എന്ന രീതിയിൽ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഓരോ ദ്വീപുകളും റിസർവോയറിനുള്ളിലായതിനാൽ റിസർവോയറിന്റെ Full reservoir Level ഉം Maximum Water Level- ഉം പരിഗണിച്ച് പദ്ധതി നടപ്പിലാക്കുന്ന സാധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ